നിർദ്ദേശങ്ങൾ രൂപീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള നയസമീപനങ്ങൾ പുതുക്കിയ പരിസ്ഥിതി നയത്തിൽ ഉണ്ടായിരിക്കുന്നതാണ്.

### പാരിസ്ഥിതിക സന്തുലനത്തിൽ നിന്നുള്ള വ്യതിയാനം രോഗങ്ങൾക്ക് കാരണമാകുന്ന സ്ഥിതി

**258 (5189)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പനി പടർന്ന് പിടിക്കുന്നത് പാരിസ്ഥിതിക സന്തുലനത്തിൽ നിന്നുള്ള ഗുരുതരമായ വ്യതിയാനംമൂലമുള്ള സാമൂഹിക പ്രശ്നമാണെന്ന് അറിയാമോ ;

(ബി) എങ്കിൽ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) പനി പടർന്ന് പിടിക്കുന്നതിനുള്ള കാരണങ്ങളിൽ ഒന്നുമാത്രമാണ് പാരിസ്ഥിതിക സന്തുലനത്തിൽ നിന്നുള്ള വ്യതിയാനം.

(ബി) പരിസ്ഥിതി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടില്ല.

### പുഴകളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി

**259 (5190)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാരിസ്ഥിതികനാശം ഏറ്റവും അധികം ബാധിച്ചിട്ടുള്ളത് പുഴകളെയാണ് എന്നത് കണക്കിലെടുത്ത് പുഴകളെ സംരക്ഷിക്കുവാൻ ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുവാൻ പരിസ്ഥിതി വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

ഉണ്ട്. സംസ്ഥാനത്തിന്റെ നിലനിൽപ്പിന് ആധാരവും സംസ്ഥാനത്തിന്റെ വിലമതിക്കാനാവാത്ത പ്രകൃതിവിഭവവുമായ ജലം, സംസ്ഥാനത്തിന് ലഭ്യമാക്കുന്ന, അതുല്യമായ പരിസ്ഥിതി സേവനങ്ങൾ സുസ്ഥിര സംരക്ഷണ നടപടികളിലൂടെ വരുംതലമുറകൾക്കും ലഭ്യമാക്കണമെന്നുള്ളതിനാലും ഈ രീതിയിലുള്ള മലിനീകരണവും ചൂഷണവും തുടർന്നാൽ ജീവജല ലഭ്യത ഇല്ലാതാകുന്ന വിപത്ത് ഒഴിവാക്കേണ്ടതുള്ളതിനാലും സംസ്ഥാനത്തെ ഏറ്റവും അടിയന്തര ശ്രദ്ധയും പരിഹാര നടപടിയും ആവശ്യമുള്ള പാരിസ്ഥിതിക പ്രതിസന്ധി എന്ന നിലയിൽ ജീവജലം സംരക്ഷിക്കുക എന്നത് പരമപ്രധാനമായ ഒരു സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly